പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1776

01.11.2019-ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല പരീക്ഷകളുടെ മൂല്യനിർണ്ണയം

*ചോദ്യം*
ശ്രീ.അനിൽ അക്കര

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാല നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ നിന്നും അദ്ധ്യാപകർ വിട്ടുനിൽക്കുന്നതുമൂലം പരീക്ഷാഫലം അനന്തമായി നീളുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മൂല്യനിർണ്ണയത്തിൽ നിന്നും വിട്ടുനിൽക്കുന്ന അദ്ധ്യാപകരിൽ നിന്നും പിഴ ഈടാക്കുവാൻ സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എന്ത് തുകയാണ് പിഴയായി ഈടാക്കുന്നത്; എത്ര അദ്ധ്യാപകരിൽ നിന്നും ഇപ്രകാരം പിഴ ഈടാക്കി; | (ബി) & (സി) | മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപകർക്ക് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്ന കാര്യം എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് വരുന്ന പരീക്ഷകൾ മുതലാണ് ഈ തീരുമാനം നടപ്പിലാവുന്നത്.<br>മൂല്യനിർണ്ണയം സംബന്ധിച്ച പരാതികളിന്മേൽ ഉചിതമായ നടപടി |
| (സി) | മൂല്യനിർണ്ണയത്തിൽ അദ്ധ്യാപകരുടെ ഭാഗത്തുനിന്നുള്ള പിഴവുമൂലം പുനർമൂല്യനിർണ്ണയത്തിൽ മാർക്കിൽ | | |

| | | | |
|---|---|---|---|
| | വലിയ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | സ്വീകരിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് പരീക്ഷ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ